**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 719** **30-01-2024 - ൽ മറുപടിയ്ക്ക്**

**മറിപ്പുഴ ജലവൈദ്യുത പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് ജില്ലയിലെ മറിപ്പുഴ മിനി ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണം ടെണ്ടർ നടപടികൾ കഴിഞ്ഞിട്ടും ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കുമോ; | (എ) | ഉണ്ട്.<br><br>കോഴിക്കോട് ജില്ലയിലെ മറിപ്പുഴ ചെറുകിട ജലവൈദ്യുത പദ്ധതി (6MW/14.84Mu)യുടെ നിർമ്മാണ പ്രവർത്തനങ്ങൾ, പദ്ധതിക്ക് ആവശ്യമായ എല്ലാ വിഭാഗത്തിലുള്ള ഭൂമിയുടെയും ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കിയതിനു ശേഷം മാത്രം, M/s ANCHOR-SSIPL-MHPP കൺസോർഷ്യത്തിനു നൽകുവാനുള്ള അനുമതി ബോർഡ് 30.03.2022-ലെ ഉത്തരവ് പ്രകാരം നൽകിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാവാത്തതിനാൽ ജോലി ഇതുവരെ മേൽപ്പറഞ്ഞ കൺസോർഷ്യത്തിനു നൽകുവാൻ സാധിച്ചിട്ടില്ല. പദ്ധതിക്ക് ആവശ്യമായ വനഭൂമി കൈമാറ്റം ചെയ്യുന്നതിനുള്ള സ്റ്റേജ് I ക്ലിയറൻസ് നേടുന്നതിനുള്ള നടപടി ക്രമങ്ങൾ പുരോഗമിക്കുന്നു. |
| (ബി) | ഇതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ഉന്നതതല യോഗം ചേരുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | ഇതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ഉന്നതതല യോഗം ചേരുന്നത് ആവശ്യമായി വരുന്ന മുറയ്ക്ക് അതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ